# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1491 — 11/08/2017 ൽ മറുപടിക്ക്

## തെരുവുനായ ശല്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** കേരളത്തിൽ വർദ്ധിച്ചുവരുന്ന തെരുവു നായ ശല്യം ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | **എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷൻ, മൃഗ സംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ എ.ബി.സി. റൂൾ ചട്ടം 4 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് എ.ബി.സി. പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തി വരുന്നു. പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെ കർശനമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. വളർത്തു നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ മൈക്രോ യൂണിറ്റുകൾക്ക് തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട് |
| **ബി)** തെരുവുനായ്ക്കളുടെ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | **ബി)** തെരുവുനായ്ക്കളുടെ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ